//ഭരണഭാഷ - മാതൃഭാഷ//

നം.സി3/19817/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 08/10/2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഓൺലൈൻ സ്ഥലംമാറ്റം -മിനിസ്റ്റീരിയൽ ജീവനക്കാർ- മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുന്നുത് - സംബന്ധിച്ച്:-

സൂചന: 22.09.2020 ലെ ഇതേ നമ്പർ കത്ത്.

സൂചന കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച കരട് മാനദണ്ഡങ്ങൾ സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേൽ ലഭ്യമായ അഭിപ്രായങ്ങൾ പരിശോധിച്ച് പ്രസ്തുത കരട് അന്തിമമാക്കി ഇതോടൊപ്പം പ്രിസിദ്ധീകരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിധിയിൽ വരുന്ന ഓഫീസുകളും സർക്കാർ ഹൈസ്കൂളുകളും അടങ്ങുന്ന പട്ടിക (എക്സൽ ഷീറ്റ്) കൂടി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഇത് താഴപറയുന്ന രീതിയിൽ ക്രമീകരിച്ച് കൊണ്ടുള്ള ലിസ്റ്റ് **ഇന്ന് മൂന്ന് മണിയ്ക്ക്** മുൻപായി ഈ ഓഫീസിനെ അതേ എക്സൽ ഷീറ്റിൽ തന്നെ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

- പ്രസ്തുത പട്ടികയിൽ ഉള്ള സർക്കാർ ഹൈസ്കൂളുകളും ഓഫീസുകളും നിലവിൽ താങ്കളുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്നതാണോ എന്ന് പരിശോധിക്കുക അല്ലെങ്കിൽ ആയതു പട്ടകയിൽ നിന്ന് ഡിലീററ് ചെയ്യുക. പട്ടികയിൽ ഉൾപ്പെടാത്ത സർക്കാർ ഹൈസ്കൂളുകളോ, ഓഫീസുകളോ ഉണ്ടെങ്കിൽ ആയത് പട്ടികയിൽ കൂട്ടിചേർക്കുക.
- ഈ ലിസ്റ്റിൽ എൽ.പി/യു.പി സ്കൂളുകളോ, എയ്ഡഡ് വിഭാഗത്തിൽപെട്ട സ്കൂളുകളോ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുക.

**ഈ വിഷയത്തിൽ ബന്ധപ്പെടേണ്ട ഫോൺ നം. - 9961510901**

വിശ്വസ്തതയോടെ,

ആശാദേവി.വി.എസ്., പെൻ-101454
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ,
   കൈറ്റ്, തിരുവനന്തപുരം,( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

## പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച മാനദണ്ഡങ്ങൾ

ഓൺലൈൻ സ്ഥലംമാറ്റത്തിനായി വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരെ രണ്ട് കേഡറായി തിരിക്കുന്നു.

**കേഡർ - 1**

ക്ലാർക്ക്/സീനിയർ ക്ലാർക്ക്, ടൈപ്പിസ്റ്റ്

**കേഡർ - 2**

ജൂനിയർ സൂപ്രണ്ട്/എൻ.എം.ഒ മറ്റ് സമാന തസ്തികകൾ/സീനിയർ സൂപ്രണ്ട്

1. *കേഡർ* 1-ലെ ജീവനക്കാരുടെ സ്ഥലംമാറ്റം അതാത് ജില്ലാ അടിസ്ഥാനത്തിൽ മാത്രമായി നടത്തുന്നതാണ്.
2. ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (കേഡർ 2 മറ്റ് സമാന തസ്തികകൾ) എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ സ്ഥലംമാറ്റം സംസ്ഥാന തലത്തിലും നടത്തുന്നതാണ്.
3. ഓൺലൈൻ സ്ഥലം മാറ്റത്തിന് ജില്ലയിലെ സ്കൂൾ ഉൾപ്പെടെയുള്ള ഓരോ ഓഫീസും ഓരോ യൂണിറ്റായി കണക്കാക്കുന്നതാണ്.
4. കേഡർ 1-ൽ ഓൺലൈൻ സ്ഥലം മാറ്റത്തിനായി അതാത് ജില്ലയിലെ ഒരു കേഡറിലെ സർവ്വീസ് മാത്രമാണ് സീനിയോരിറ്റിയ്ക്കായി പരിഗണിക്കുക.
5. കേഡർ 2-ൽ പെടുന്ന ജീവനക്കാർക്ക് സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലെ ഓഫീസുകളിലേയ്ക്കും സ്ഥലം മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്.
6. കേഡർ 2-ൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുള്ള സ്ഥലം മാറ്റങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്.
7. സ്പാർക്കിലെ ഡാറ്റ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് 'ലോക്ക്' ചെയ്തിട്ടുള്ളതുമായ ജീവനക്കാരെ മാത്രമേ 'ഓൺലൈൻ' മുഖേനയുള്ള സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളു. സ്പാർക്കിൽ ഡാറ്റ അപ്ഡേറ്റ് ചെയ്ത് 'ലോക്ക്'ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാൻ സാധിക്കില്ല.
8. പൊതുസ്ഥലം മാറ്റത്തിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ സേവനം മാത്രമേ കണക്കാക്കുകയുള്ളു.

9. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തവർ/അച്ചടക്ക നടപടി നേരിടുന്നവർ/ ആറ് മാസത്തിൽ കൂടുതൽ ശൂന്യവേതന അവധിയിലുള്ളവർ, ഡെപ്യൂട്ടേഷനിൽ ഉള്ളവർ എന്നിവരെ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുകയില്ല.

10. ഒരു സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാക്കിയാൽ മാത്രമേ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിയ്ക്കുകയുള്ളു. എന്നാൽ സ്ഥാനക്കയറ്റം വഴി സ്ഥലം മാറ്റപ്പെട്ടവർക്ക് ഈ വ്യവസ്ഥ ബാധകമല്ല. മൂന്ന് വർഷം ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവർ നിർബന്ധമായി ഒപ്ഷൻ നൽകേണ്ടതാണ്. എന്നാൽ മൂന്ന് വർഷം പൂർത്തിയായ ജീവനക്കാരൻ ജോലി ചെയ്യുന്ന ഓഫീസിലേയ്ക്ക് മറ്റ് അപേക്ഷകർ ഇല്ലെങ്കിൽ ആ ജീവനക്കാരന് അഞ്ച് വർഷം വരെ അതേ സ്റ്റേഷനിൽ തുടരാവുന്നതാണ്.

11. അഞ്ച് വർഷ സേവനം ഒരു യൂണിറ്റിൽ പൂർത്തിയാക്കിയാൽ ഓൺലൈൻ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ പോലും നിർബന്ധമായും ഓൺലൈൻ വഴി സ്ഥലം മാറ്റപ്പെടുന്നതാണ്.

12. കേഡർ 1-ൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് രണ്ട് ഓൺലൈൻ സ്ഥലംമാറ്റങ്ങൾക്ക് ഇടയിലുണ്ടാകുന്ന ഒഴിവുകളിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അപേക്ഷകൾ പരിഗണിച്ച് ട്രാൻസ്ഫർ നടത്താവുന്നതാണ്. എന്നാൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് തൊട്ട് മുമ്പ് ജോലി ചെയ്തിരുന്ന ഓഫീസിലേക്ക് തിരികെ സ്ഥലം മാറ്റം നൽകുവാൻ പാടില്ല.

13. കേഡർ 1-ലും 2-ലും ഉൾപ്പെടുന്ന ജീവനക്കാർക്ക് രണ്ട് പൊതുസ്ഥലം മാറ്റങ്ങൾക്കിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥാനക്കയറ്റമോ, മറ്റേതെങ്കിലും തരത്തിലോ നികത്തുകയാണെങ്കിൽ പോലും അടുത്ത പൊതുസ്ഥലം മാറ്റത്തിൽ അത് ഒഴിവായി തന്നെ പരിഗണിക്കുന്നതാണ്.

14. അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ കൂടി ഡി.ഡി.ഒയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് ഡി.ഡി.ഒ മാർ അഭിപ്രായം രേഖപ്പെടുത്തി ജില്ലാ ഓഫീസർമാർക്കും, ജില്ലാ ഓഫീസർമാർ സംസ്ഥാന തല അധികാരിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഇ-മെയിൽ (onlinetranm.dge@kerala.gov.in) മുഖേന അയച്ചുതരേണ്ടതാണ്.

15. 2020-ലെ പൊതു സ്ഥലംമാറ്റം ക്ലാർക്ക് മുതൽ എല്ലാ തസ്തികകളിലേയ്ക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിന് മൊത്തം ഒഴിവിന്റെ 10% ഒഴിവുകൾ നീക്കിവച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകളിൽ അന്തിമ രൂപം നൽകുന്നത് ആരോഗ്യമേഖലയിലെ വിദഗ്ധൻ

ഉൾപ്പെട്ട ഒരു കമ്മറ്റി ആയിരിയ്ക്കും. അപ്രകാരം പരിഗണന അർഹിക്കുന്ന അപേക്ഷകർ, ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ ഹാർഡ്കോപ്പി ആധാരമായ മെഡിക്കൽ റെക്കോർഡുകൾ സഹിതം പരിശോധനയ്ക്കും തീരുമാനത്തിനുമായി പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അനുകമ്പാർഹ സ്ഥലം മാറ്റത്തിന് ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് അതാത് ഡി.ഡി.ഒ മാർ മുൻകൂർ ആയി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

16. ഹാർഡ്കോപ്പി സമർപ്പിക്കാത്ത അനുകമ്പാർഹ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർ